


# കത്തോലിക്കാ സഭയും ബഹു. ആബേലച്ചന്റെ അതുല്യസംഭാവനകളും



ഇ.കെ പോൾ

www.marggam.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# കത്തോലിക്കാ സഭയും ബഹു. ആബേലച്ചന്റെ അതുല്യസംഭാവനകളും

ഇ. കെ. പോൾ

1969–ൽ ബ്രോഡ്‌വേയിൽ ഒരു കൊച്ചുമുറിയിൽ ആരംഭിച്ച കലാഭവൻ 30 വർഷം പിന്നിട്ടപ്പോൾ ബാനർജി റോഡിലുള്ള ബഹുനില കെട്ടിടങ്ങളുടെ സമുച്ചയമായി വളർന്നതിനോടൊപ്പം നാളിതുവരെ നാൽപ്പതിനായിരത്തിൽപ്പരം വിദ്യാർത്ഥികളെ സംഗീതവും മറ്റു ലളിതകലകളും അഭ്യസിപ്പിക്കുകയും ഇന്നും വർഷംതോറും മൂവായിരത്തിൽപരം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു മഹത്‌സ്ഥാപനമായി മാറിയിരിക്കുന്നു. മ്യൂസിക് അക്കാദമി കൂടാതെ കലാഭവൻ ഗാനമേള ട്രൂപ്പ്, ഡിജിറ്റൽ സൗണ്ട് റിക്കാർഡിങ്ങ് സ്റ്റുഡിയോ, മിമിക്സ് പരേഡ് ട്രൂപ്പ്, ടാലെന്റ് റെസിഡൻഷ്യൽ സ്‌കൂൾ എന്നിവയെല്ലാം കലാഭവന്റെ സംഭാവനകളാണ്. ടെലിവിഷൻ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഫിലിം പ്രൊഡക്ഷൻ എന്നിവ ഭാവിപരിപാടികളിൽ ഉൾപ്പെടുന്നു. ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത് ബഹു. ആബേലച്ചൻ എന്ന ഒരു വ്യക്തിയുടെ ഭാവനാപൂർണ്ണമായ കഠിനാദ്ധ്വാനം കൊണ്ടാണ്. അദ്ദേഹത്തിന്റെ എൺപതാം പിറന്നാളിനോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന ഈ സുവനീറിലേക്ക് സസന്തോഷം ഒരു ലേഖനമെഴുതാൻ ഉദ്യമിച്ചപ്പോൾ എന്റെ മനസ്സിൽ കടന്നു വന്നത് ആബേലച്ചന്റെ ആദ്ധ്യാത്മിക രംഗത്തുള്ള അതുല്യമായ സംഭാവനകളാണ്.

കേരളത്തിലെ മുഴുവൻ കത്തോലിക്കരുടേയും ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയത് അദ്ദേഹത്തിന്റെ തിരുക്കർമ്മ ഗാനങ്ങളാണ്.

ആബേലച്ചന്റെ പുസ്തകങ്ങളും പാട്ടുകളും സീറോ മലബാർ സഭയ്ക്കുവേണ്ടിയാണ് തർജ്ജമ ചെയ്തതെങ്കിലും ഇന്ന് അവയെല്ലാം ഇന്ത്യയിലും വിദേശത്തുമുള്ള മൂന്നു റീത്തുകളിലും (സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ) ഉപയോഗിക്കുന്നുണ്ട്. അദ്ദേഹം പ്രസിദ്ധീകരിച്ച കുരിശിന്റെ വഴി ഏറ്റവും ജനപ്രീതി നേടിയതും മൂന്നുറീത്തുകളിലും ഉപയോഗിക്കുന്നതുമായ ഒരു പുസ്തകമാണ്. 5 വർഷം മുൻപ് ഈ പുസ്തകത്തിന്റെ 25–ാം വർഷം തികയുന്ന ജൂബിലി മൂന്നുറീത്തുകളും കൂടി തിരുവനന്തപുരത്ത് ആഘോഷിക്കുകയുണ്ടായി. കുരിശിന്റെ വഴി 32–ൽപരം പതിപ്പുകളിലായി 20 ലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞു. എല്ലാ പുസ്തകങ്ങളും നിരവധി പതിപ്പുകൾ ഇറക്കേണ്ടതായി വന്നിട്ടുണ്ട്. മരിച്ചടക്കും മറ്റും എട്ടും പത്തും പതിപ്പുകൾ ഇറങ്ങിക്കഴിഞ്ഞു. അഞ്ചു പതിപ്പെങ്കിലും പുറത്തിറങ്ങാത്ത ഒരു പുസ്തകം പോലുമില്ല.

ആബേലച്ചന്റെ പാട്ടുകളുടെ ജനപ്രീതിക്കുള്ള കാരണം കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി ഒരു പൊതുയോഗത്തിൽ വിശദീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂന്നു കാര്യങ്ങളിൽ ആബേലച്ചന്റെ തർജ്ജമകൾ മുന്നിട്ടു നിൽക്കുന്നു.

1. പാട്ടിലുള്ള സാഹിത്യം – ഏറ്റവും അനുയോജ്യമായ പദപ്രയോഗം.
2. പാട്ടിന്റെ അർത്ഥം എല്ലാവർക്കും സുഗ്രഹമാണ്; ഹൃദയത്തിൽ പതിയുന്നതാണ്.
3. പാട്ടുകൾ സംഗീതാത്മകമാണ്, സംഗീത സംവിധായകന് എളുപ്പത്തിൽ ഈണം നൽകാവുന്നവയാണ്.

ഈ കാരണങ്ങളാലായിരിക്കും കത്തോലിക്കരുടെ ഹൃദയത്തിൽ ആബേലച്ചന്റെ പാട്ടുകൾ ആരാധനയ്ക്കുള്ള ഉപാധിയായി സ്ഥിരപ്രതിഷ്ഠനേടിയത്. നാം വീട്ടിലോ പള്ളിയിലോ പ്രാർത്ഥിക്കുമ്പോഴും ശുശ്രൂഷകളിൽ പങ്കെടുക്കുമ്പോഴും അവയെ ഒരു ദൈവാനുഭവമായി മാറ്റുന്നതിൽ ആബേലച്ചന്റെ പാട്ടുകൾ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്, ചെലുത്തിയിട്ടുണ്ട്. അദ്ധ്യാത്മികരംഗത്തുള്ള അദ്ദേഹത്തിന്റെ ഈ നേട്ടങ്ങൾ ലൗകികനേട്ടങ്ങളേക്കാൾ സ്ഥായിയായതുകൊണ്ട് അദ്ദേഹത്തിന്റെ ഈ രംഗത്തുള്ള സംഭാവനകൾ വരും തലമുറകൾക്കു പോലും ഒരു അനുഗ്രഹമായിരിക്കും.



www.marggam.com

marggam
Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org